# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 6661 04.04.2018-ൽ മറുപടിക്ക്

## രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ

ചോദ്യം

ഉത്തരം

പ്രൊഫ: സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**ശ്രീ.ജോർജ് എം. തോമസ്**
**ശ്രീ. സി. കെ. ശശീന്ദ്രൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ.പി.ഉണ്ണി**

എ) സംസ്ഥാനത്ത് സെക്കണ്ടറിതല വിദ്യാഭ്യാസം ഗുണനില വാരമുള്ള താക്കുന്നതിന് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ. എം.എസ്.എ) നടപ്പാക്കി വരുന്നുണ്ടോയെന്ന് അറിയിക്കാമോ;

ബി) അതിൻപ്രകാരം സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

എ) യും ബി) യും

സംസ്ഥാനത്ത് സെക്കണ്ടറിതല വിദ്യാഭ്യാസം ഗുണനില വാരമുള്ളതാക്കുന്നതിന് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ. എം.എസ്.എ) സെക്കണ്ടറി തലത്തിലെ സർക്കാർ വിദ്യാലയങ്ങൾക്ക് 50,000/- രൂപ (അൻപതിനായിരം രൂപ) സ്കൂൾ ഗ്രാന്റ്, പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് 'നവപ്രഭ' എന്ന പദ്ധതി, അന്താരാഷ്ട്ര നിലവാരത്തിൽ ലൈബ്രറികൾ സ്ഥാപിക്കൽ, 5 സ്കൂളുകളിൽ ഐഡിയൽ ലാബ്, അദ്ധ്യാപക പരിശീലനം , തദ്ദേശ സ്വയംഭരണ മേധാവികൾക്ക് പരിശീലനം, ജില്ലാ മാനേജ്മെന്റ് ഓഫീസർമാർക്ക് പരിശീലനം, സ്കൂൾ വികസനത്തിന് (ശാലാസിദ്ധി), പ്രഥമാദ്ധ്യാപകർക്ക് പരിശീലനം, സംസ്ഥാനത്തിനകത്തും പുറത്തും പഠനയാത്രകൾ, ഡിജിറ്റൽ പാഠപുസ്തക നിർമാണം, ഓൺലൈൻ അദ്ധ്യാപക പരിശീലനം, പ്രതിഭാധനരായ കുട്ടികളെ കണ്ടെത്തി ശാസ്ത്ര അഭിരുചി വളർത്തുന്നതിനുള്ള ടാലന്റ് പ്രോഗ്രാം, ശാസ്ത്രമേള, കുട്ടികളിൽ സ്വയം സംരഭകത്വശേഷി വികസനം, കലാ-ഉത്സവ്, പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലനം, സ്കൂൾ മാനേജ്മെന്റ് ആന്റ് ഡെവലപ്മെന്റ് കമ്മിറ്റി (എസ്.എം.ഡി.സി) അംഗങ്ങൾക്ക് പരിശീലനം, അഞ്ച് സ്കൂളുകളിൽ നിർമാണ പ്രവർത്തനം എന്നിവയാണ് ആർ.എം.എസ്.എയിലൂടെ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ.

| | | | |
|---|---|---|---|
| (സി) | പെൺകുട്ടികളുടെ സുരക്ഷ, താമസം എന്നിവയ്ക്കായും ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പരിപാടികളാണ് അതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | | ഗവൺമെന്റ് സ്കുളുകളിൽ 9-ാം ക്ലാസ്സിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും സ്വയം പ്രതിരോധപരിശീലനത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പെൺകുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിന് ചാലക്കുടി ഗേൾസ് എച്ച്.എസ്.എസ്.ൽ പ്രത്യേക ഹോസ്റ്റൽ അനുവദിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കാറ്റഗറി അനുസരിച്ച് ബുക്ക് ആന്റ് സ്റ്റേഷനറി, എസ്കോർട്ട് അലവൻസ്, റീഡർ അലവൻസ്, ട്രാൻസ്പോർട്ടേഷൻ അലവൻസ്, യൂണിഫോം, പെൺകുട്ടികളുടെ സ്കോളർഷിപ്പ്, എയ്ഡസ് ആന്റ് അപ്ലൈൻസസ് എന്നിവ നൽകിവരുന്നു. കൂടാതെ 853 റിസോഴ്സ് അധ്യാപകരുടെ സേവനം ഇവർക്കായി ലഭ്യമാക്കിയിട്ടുണ്ട്. റിസോഴ്സ് അ ദ്ധ്യാപകർക്ക് പരിശീലനം നൽകി അവരിലൂടെ മറ്റ് അ ദ്ധ്യാപകരേയും വിദ്യാഭ്യാസത്തിനായി പ്രാപ്തരാക്കുന്നു. പ്രത്യേക പരിഗണ അർഹിക്കുന്ന കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചക്കായി ഹോൾട്ടികൾച്ചർ തീം പാർക്ക് ഓരോ ജില്ലയിലും സജ്ജീകരിക്കാനുള്ള ട്രെയിനിംഗും നൽ കിയിട്ടുണ്ട്. |
| ഡി) | സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി അക്കാദമിക് നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആർ.എം.എസ്.എയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | *ഡി)* | *സംസ്ഥാനത്തെ 442 ഗവ:* സെക്കണ്ടറി *സ്കൂളുകൾക്ക് ശാക്തീകരണത്തിനും (സയൻസ് ലാബ്, കമ്പ്യൂട്ടർ റൂം, ആർട്ട് റൂം, ലൈബ്രറിഅഡീഷണൽ ക്ലാസ്സ് റൂം എന്നിവയ്ക്ക്) 583 സ്കൂളുകൾക്ക് ടോയ്ലറ്റ് നിർമാണത്തിനും 214 സ്കൂളുകൾക്ക് കുടിവെള്ള സൗകര്യത്തിനുമായി ആർ.എം.എസ്.എ* ഇതിനകം *ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2010-11, 2011-12 വർഷത്തിൽ ആർ.എം.എസ്.എ പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത 52 സ്കൂളുകൾക്ക് കെട്ടിട നിർമാണത്തിനും തുക അനുവദിച്ചിട്ടുണ്ട്.* കൂടാതെ സംസ്ഥാനത്ത് അഞ്ച് സ്കൂളുകൾക്ക് 50 ലക്ഷം രൂപ (അൻപത് ലക്ഷം രൂപ) വീതം ഐഡിയൽ ലാബ് സജ്ജീകരണത്തിന് ആർ.എം.എസ്.എ ഫണ്ട് അനുവദിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*